ലക്ഷ്യം - തമിഴ്നാട്, ആന്ധ്ര, കർണ്ണാടക, കേരളം എന്നിവയുൾപ്പടുന്ന ദ്രാവിഡ രാഷ്ട്രം സ്ഥാപിക്കുക
സ്ഥാപകൻ - ഇ . വി രാമസ്വാമി നായ്ക്കർ (പെരിയാർ)

- ബ്രാഹ്മണ വിരുദ്ധ പ്രസ്ഥാനം
- ഉത്തരേന്ത്യൻ വിരുദ്ധ പ്രസ്ഥാനം
- ഹിന്ദി വിരുദ്ധ പ്രസ്ഥാനം

DK - ദ്രാവിഡ കഴകം - സ്ഥാപിതമായത് -1944 - ഇ വി രാമസ്വാമി
DMK - ദ്രാവിഡ മുന്നേറ്റ കഴകം-സ്ഥാപിതമായത് - 1949 - സി. എൻ അണ്ണാദുരൈ

DMK യുടെ നേതൃത്വത്തിലുള്ള മൂന്ന് പ്രധാന പ്രക്ഷോഭങ്ങൾ

- കല്ലാകുടി റെയിൽവേ സ്റ്റേഷന്റെ യഥാർത്ഥ നാമം പുനസ്ഥാപിക്കുവാൻ വേണ്ടി.
- സ്കൂൾ പാഠ്യപദ്ധതിയിൽ തമിഴ് സാംസ്കാരിക ചരിത്രത്തിനു പ്രാധാന്യം നൽകുവാൻ വേണ്ടി
- സംസ്ഥാന സർക്കാരിന്റെ കര കൗശല വിദ്യാഭ്യാസ പദ്ധതിക്കെതിരെ

13. സിക്കുകാർക്ക് സ്വതന്ത്ര രാഷ്ട്രം വേണമെന്ന് ആവശ്യപ്പെട്ട പ്രസ്ഥാനം
    - ഖാലിസ്ഥാൻ
14. പഞ്ചാബിസുഭ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് 1920-ൽ രൂപീകരിക്കപ്പെട്ട സിക്ക് രാഷ്ട്രീയ പ്രസ്ഥാനം – അകാലിദൾ
15. സിക്ക് തീവ്രവാദികൾക്കെതിരെ ഇന്ത്യാ ഗവണ്മെന്റ് സ്വീകരിച്ച സൈനീക നടപടി
    - ഓപ്പറേഷൻ ബ്ലൂസ്റ്റാർ
16. സിഖ് വിരുദ്ധ കലാപങ്ങളുമായി ബന്ധപ്പെട്ട് സിക്കുകാരോട് മാപ്പഭ്യർത്ഥന നടത്തിയ പ്രധാനമന്ത്രി - മൻമോഹൻ സിംഗ്
17. 1985 ലെ പഞ്ചാബ് കരാറിനെ അറിയപ്പെട്ടിരുന്ന മറ്റൊരു പേര്
    - രാജീവ് ഗാന്ധി – ലോംഗോവാൾ ഉടമ്പടി
18. അനന്തപൂർ സാഹിബ് പ്രമേയം ഏതു സംസ്ഥാനവുമായി ബന്ധപ്പെട്ടതാണ് –
    - പഞ്ചാബ്
19. അനന്തപൂർ സാഹിബ് പ്രമേയം
    - 1973ൽ അനന്തപൂർ സാഹിബിൽ വെച്ചു നടന്ന സമ്മേളനത്തിൽ പാസാക്കിയ പ്രമേയം.

- സിഖ് സമുദായത്തിന്റെ അഥവാ ദേശത്തിന്റെ ലക്ഷ്യങ്ങളും പ്രതീക്ഷകളും വ്യക്തമാക്കുന്നു.
- പ്രമേയത്തിൽ വർഗ്ഗീയതയും വിഭജന വാദവും മറയില്ലാതെ പ്രകടിപ്പിച്ചിരുന്നു.
- സിക്കുകാരുടെ മേധാവിത്വം സ്ഥാപിക്കുകയാണ് അതിന്റെ ലക്ഷ്യം.
- പഞ്ചാബിന് പ്രാദേശിക സ്വയംഭരണം നൽകുക, കേന്ദ്ര സംസ്ഥാന ബന്ധം പുനർ നിർവചിക്കുക എന്ന രീതിയിലായിരുന്നു ആവ്ശ്യങ്ങലെങ്കിലും ഒരു പ്രത്യേക സിക്ക് രാഷ്ട്രം സ്ഥാപിക്കുന്നതിനുള്ള അഭ്യർത്ഥനയായിരുന്നു പ്രമേയം.

20. ഓപ്പറേഷൻ ബ്ലൂ സ്റ്റാർ കാരണങ്ങളും ഫലങ്ങളും

- പഞ്ചാബിലെ സിക്ക് തീവ്രവാദികൾക്കെതിരെ 1984-ൽ ഇന്ദിരാ ഗവൺമെന്റ് നടത്തിയ സൈനീക നടപടിയാണ് ഓപ്പറേഷൻ ബ്ലൂ സ്റ്റാർ
- അകാലിദളിലെ തീവ്രവാദി വിഭാഗം പ്രത്യേക സിക്ക് രാഷ്ട്രം സ്ഥാപിക്കുന്നതിനായി സായുധ കലാപത്തിന്റെയും ഭീകരവാദത്തിന്റെയും മാർഗ്ഗം സ്വീകരിച്ചു.
- ഭീകരവാദികൾ താവളമാക്കിയ സുവർണ്ണ ക്ഷേത്രം വളഞ്ഞ സൈന്യം ബിന്ദ്രൻ വാലയുടെ നേതൃത്വത്തിലുള്ള തീവ്രവാദികളെ വധിച്ചു.
- ആരാധനാലയത്തിന് നാശമുണ്ടാക്കിയ ഈ സൈനീക നടപടി സിക്കുകാരുടെ മതവികാരത്തെ വ്രണപ്പെടുത്തി.
- ഇത് 1984 -ൽ പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധിയുടെ വധത്തിലേക്ക് നയിച്ചു .
- തുടർന്ന് രാജ്യത്തിന്റെ പല ഭാഗങ്ങളിലും സിക്കുകാർക്കെതിരെ കലാപമുണ്ടായി. ധാരാളം സിക്കുകാർ കൊല്ലപ്പെട്ടു.

21. **രാജീവ് ഗാന്ധി ലോംഗോവാൾ കരാർ (പഞ്ചാബ് കരാർ )**

1985 ജൂലൈ 24 -ന് പ്രധാനമന്ത്രി രാജീവ് ഗാന്ധിയും അകാലിദൾ പ്രസിഡന്റ് ഹർചന്ദ് സിംഗ് ലോംഗോവാളും ഒപ്പുവെച്ച കരാറാണ് പഞ്ചാബ് കരാർ അഥവാ ഗാന്ധി - ലോംഗോവാൾ കരാർ.

കരാർ വ്യവസ്ഥകൾ

- ചണ്ഡീഗഢ് പഞ്ചാബിന് കൈമാറും
- പഞ്ചാബും ഹരിയാനയും തമ്മിലുള്ള അതിർത്തി തർക്കം പരിഹരിക്കുന്നതിന് പ്രത്യേക കമ്മീഷനെ നിയമിക്കും
- രവി, ബിയാസ് നദീജലം പഞ്ചാബ്, ഹരിയാന, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങൾക്കിടയിൽ പങ്കുവെക്കുന്നതിനു ഒരു ട്രൈബ്യൂണൽ സ്ഥാപിക്കും
- പഞ്ചാബിലെ കലാപ ബാധിതർക്ക് ചികിത്സയും നഷ്ടപരിഹാരവും നൽകും

- പഞ്ചാബിലെ ആംഡ് ഫോഴ്സസ് സ്പെഷ്യൽ പവേഴ്സ് ആക്ട് (AFSPA) പിൻവലിക്കും

ഈ കരാർ സംസ്ഥാനത്ത് സമാധാനമോ സുരക്ഷിതത്വമോ കൊണ്ട് വന്നില്ല

22. സപ്തസഹോദരികൾ എന്നപേരിലറിയപ്പെട്ടിരുന്ന വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ അരുണാചൽ പ്രദേശ്, ത്രിപുര, മിസ്സോറാം, നാഗലാന്റ്, ആസ്സാം, മണിപ്പൂർ, മേഘാലയ
23. വടക്ക് കിഴക്കൻ പ്രദേശങ്ങളുടെ പ്രത്യേക സാഹചര്യം
    - ഭൂമിശാസ്ത്രപരമായ ഒറ്റപ്പെടൽ
    - സങ്കീർണ്ണമായ സാമൂഹിക സ്വഭാവം
    - വികസനപരവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ
    - അയൽ രാജ്യങ്ങളിൽ നിന്നും സംസ്ഥാനങ്ങളിൽ നിന്നുമുള്ള കുടിയേറ്റം
24. വടക്ക് കിഴക്കൻ മേഖല രാഷ്ട്രീയത്തിലെ പ്രബലമായ മൂന്ന് പ്രശ്നങ്ങൾ
    - സ്വയം ഭരണാധികാരത്തിനു വേണ്ടിയുള്ള ആവശ്യം
    - വിഘടന വാദ പ്രസ്ഥാനങ്ങൾ
    - അന്യർക്കെതിരെയുള്ള പ്രസ്ഥാനങ്ങൾ
25.

| സംസ്ഥാനം | രൂപീകരിച്ച വർഷം |
|---|---|
| നാഗാലാന്റ് | 1963 |
| പഞ്ചാബ് | 1966 |
| ഹരിയാന | 1966 |
| മണിപ്പൂർ, ത്രിപുര, മേഘാലയ | 1972 |
| മിസോറാം | 1987 |

26. മിസോ നാഷണൽ ഫ്രണ്ട് (MNF) – ലാൽ ഡെംഗ – മിസ്സോറാം
27. നാഗാ നാഷണൽ കൌൺസിൽ - അംഗാമി സാഫു ഫിസോ – നാഗാലാന്റ്
28. സിക്കിം നാഷണൽ കോൺഗ്രസ് – ഖാസി ലെൻഡൂപ് ഡോർജി ഖങ്സർപ്പ – സിക്കിം
29. സിക്കിം ഇന്ത്യൻ യൂണിയനിൽ ലയിപ്പിച്ച വർഷം - 1975
30. ഒരു സംസ്ഥാനം ഇന്ത്യയോട് കൂട്ടിച്ചേർത്തതിന്റെ ഭാഗമായുള്ള സൈനീക നടപടിയാണ് ഓപ്പറേഷൻ വിജയ്. ഏതാണു സംസ്ഥാനം – ഗോവ

31. ഗോവയുടെ വിമോചനം നടന്ന വർഷം – 1961

32. ഗോവയിലെ ഒരു രാഷ്ട്രീയ പാർട്ടി – യുണൈറ്റഡ് ഗോവൻ പാർട്ടി (UGP)

33. വൈവിധ്യങ്ങളോടുള്ള ഇന്ത്യൻ സമീപനം

- വിവിധ പ്രദേശങ്ങൾക്കും ഭാഷാ ഗ്രൂപ്പുകൾക്കും അവരുടെ സംസ്കാരം നില നിർത്താനുള്ള അവകാശം അംഗീകരിക്കുക.
- വിവിധ സംസ്കാരങ്ങളുടെ സവിശേഷതകൾ നഷ്ടപ്പെടാതെ ഒരു സംയുക്ത സാമൂഹിക ജീവിതം നയിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക.
- നാനാത്വം, ഏകത്വം എന്നീ ആശയങ്ങളുടെ സന്തുലനം നിലനിർത്തുക.
- ദേശം പ്രദേശത്തിന് എതിരോ, അതിന്റെ നിഷേധമോ ആകാതിരിക്കുക,
- സാംസ്കാരിക വൈവിധ്യത്തെ ഒരിക്കലും ദേശത്തിന് ഭീഷണിയാകാതെ നോക്കുക.
- പ്രാദേശികതയെ ജനാധിപത്യവൽക്കരിക്കുക.
- പ്രാദേശികമായി ചിന്തിക്കാനും പ്രവർത്തിക്കാനും അനുവദിക്കുന്നതോടൊപ്പം നയരൂപീകരണ പ്രക്രിയയിൽ പ്രാദേശികപ്രശ്നങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം കൊടുക്കുക

24. പ്രാദേശിക പ്രസ്ഥാനങ്ങളിൽ നിന്നുള്ള പാഠങ്ങൾ

1. പ്രാദേശിക അഭിലാഷങ്ങൾ ജനാധിപത്യ രാഷ്ട്രീയത്തിന്റെ ഭാഗമാണ്.
2. പ്രാദേശിക അഭിലാഷങ്ങളോട് പ്രതികരിക്കാനുള്ള ഏറ്റവും നല്ല മാർഗം ജനാധിപത്യപരമായ ചർച്ചകളാണ്.
3. ദേശീയ തലത്തിലുള്ള തീരുമാനമെടുക്കുന്നതിൽ പ്രദേശങ്ങൾക്ക് മതിയായ പങ്ക് ഉണ്ടായിരിക്കണം
4. സാമ്പത്തിക വികസനത്തിലെ പ്രാദേശിക അസന്തുലിതാവസ്ഥ പ്രാദേശിക വേർതിരിവിന് കാരണമാകുന്നു.
5. പ്രാദേശിക അഭിലാഷങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ഒരു ക്രമീകരണമാണ് ഇന്ത്യ സ്വീകരിച്ച ഫെഡറൽ സംവിധാനം. വൈവിധ്യങ്ങളെ കൈകാര്യം ചെയ്യുന്നതിൽ ഭരണഘടനാ നിർമ്മാതാക്കളുടെ ദീർഘ ദൃഷ്ടിയാണ് ഇതിലൂടെ പ്രകടമാകുന്നത്

Part II – Chapter 2

## ഇരുധ്രുവ വ്യവസ്ഥയുടെ അന്ത്യം

1. രണ്ടാം ലോകത്തിന്റെ തകർച്ചയിലേക്കും ശീതയുദ്ധത്തിന്റെ അന്ത്യത്തിലേക്കും നയിച്ച പ്രധാന സംഭവം
   - ബർലിൻ മതിലിന്റെ തകർച്ച
2. 1985 -ൽ സോവിയറ്റ് യൂണിയനിൽ പരിഷ്കാരങ്ങൾ കൊണ്ടുവന്ന ഭരണാധികാരി
   - മിഖായേൽ ഗോർബച്ചേവ്
3. സോവിയറ്റ് യൂണിയന്റെ പതനത്തിന് ഇടയാക്കിയ ഗോർബച്ചേവിന്റെ പരിഷ്ക്കാരങ്ങൾ അറിയപ്പെടുന്നത് ?
   - ഗ്ളാസ്നോസ്റ്റ് (തുറന്ന സമീപനം)
   - പെരിസ്ട്രോയ്ക (പുനർ നിർമ്മാണം)
4. സോവിയറ്റ് യൂണിയനിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിച്ച ആദ്യ റിപ്പബ്ലിക്ക്
   - ലിത്വാനിയ (1990)
5. സോവിയറ്റ് യൂണിയനിൽ ഭരണം അട്ടിമറിക്കുകയും ഗോർബച്ചേവിനെ തടവിലാക്കുകയും ചെയ്ത യാഥാസ്തിതിക കമ്മ്യൂണിസ്റ്റ് നേതാവ്
   - യാനയേവ്
6. സോവിയറ്റ് യൂണിയന്റെ അവസാനത്തെ പ്രസിഡന്റ്
   - മിഖായേൽ ഗോർബച്ചേവ്
7. റഷ്യയുടെ ആദ്യത്തെ പ്രസിഡന്റ്
   - ബോറിസ് യൽറ്റ്സിൻ
8. സോവിയറ്റ് യൂണിയനിൽ നിന്നും വിട്ടു പോന്ന റിപ്പബ്ലിക്കുകളുടെ കൂട്ടായ്മ
   - സ്വതന്ത്ര രാഷ്ട്രങ്ങളുടെ കോമൺ വെൽത്ത് (CIS)
9. 1917 ലെ റഷ്യൻ വിപ്ലവത്തിന്റെ നേതാവ് – ലെനിൻ
10. സോവിയറ്റ് യൂണിയന്റെ ശില്പി – ലെനിൻ
11. സോവിയറ്റ് വ്യവസ്ഥയുടെ പ്രത്യേകതകൾ എന്തെല്ലാമായിരുന്നു.
   - സോഷ്യലിസ്റ്റ് ആശയം
   - സമ്പദ്വ്യവസ്ഥയെ ആസൂത്രണം ചെയ്തതും നിയന്ത്രിച്ചതും രാഷ്ട്രമായിരുന്നു.
   - പ്രധാന സ്ഥാപനങ്ങളുടെ ഉടമസ്ഥാവകാശം രാഷ്ട്രത്തിനായിരുന്നു.

- ഭൂമിയുടേയും ഉല്പാദന ഘടകങ്ങളുടേയും ഉടമസ്ഥതയും നിയന്ത്രണവും രാഷ്ട്രത്തിനായിരുന്നു.
- സ്വകാര്യ ഉടമസ്ഥത സ്വകാര്യ സ്വത്തവകാശം എന്നിവ ഉണ്ടായിരുന്നില്ല
- ജനങ്ങൾക്ക് സാമ്പത്തിക സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല

12. ചേരുംപടി ചേർക്കുക

| A | B |
|---|---|
| മിഖായേൽ ഗോർബച്ചേവ് | പരിഷ്കാരങ്ങൾ നടപ്പിലാക്കി |
| ഷോക്ക് തെറാപ്പി | സാമ്പത്തിക മാതൃക |
| റഷ്യ | യു എസ് എസ് ആറിന്റെ പിൻഗാമി |
| ബോറിസ് യൽറ്റ്സിൻ | റഷ്യയുടെ പ്രസിഡന്റ് |
| വാർസാ ഉടമ്പടി | സൈനീക സഖ്യം |

13. സോവിയറ്റ് യൂണിയന്റെ ശിഥിലീകരണത്തിന്റെ കാരണങ്ങൾ വിശദീകരിക്കുക

1922 - ൽ നിലവിൽ വന്ന സോവിയറ്റ് യൂണിയൻ 1970 കളുടെ മദ്ധ്യത്തോടെ വളർച്ചയുടെ മൂർദ്ധന്യത്തിലെത്തി. എന്നാൽ എതിരാളികളെപ്പോലും അമ്പരപ്പിക്കുന്ന വിധത്തിൽ 1991 ഡിസംബർ 25 ന് സോവിയറ്റ് യൂണിയൻ തകർന്ന് ഔപചാരികമായി ഇല്ലാതായി. അതിന്റെ കാരണങ്ങൾ താഴെ പറയുന്നവയാണ്.

1. **രാഷ്ടീയ കാരണങ്ങൾ**
   - ജനാധിപത്യ വിരുദ്ധത – പൌരാവകാശവും സ്വാതന്ത്ര്യവും നിഷേധിക്കപ്പെട്ടു.
   - പാർട്ടി ഏകാധിപത്യം – കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് എല്ലാ സ്ഥാപനങ്ങളുടെ മേലും നിയന്ത്രണം ഉണ്ടായിരുന്നു. പാർട്ടി ബ്യൂറോക്രാറ്റുകൾ ആനുകൂല്യങ്ങൾ കൈപ്പറ്റി.
   - ഉദ്യോഗസ്ഥ മേധാവിത്വം, അഴിമതി – അഴിമതി, മെല്ലെപ്പോക്ക് അധികാരകേന്ദ്രീകരണം എന്നിവ ജനങ്ങളെ ഗവണ്മെന്റിൽനിന്നും അകറ്റി.
2. **സാമ്പത്തിക കാരണങ്ങൾ**
   - കാർഷികമേഖലയിലും, വ്യവസായ മേഖലയിലുമുള്ള തകർച്ച സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായി.
   - ഉപഭോഗവസ്തുക്കളുടെ ക്ഷാമം, അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം എന്നിവ സമ്പദ് വ്യവസ്ഥയെ സാരമായി ബാധിച്ചു.
   - സാങ്കേതിക വിദ്യയിൽ പാശ്ചാത്യ രാജ്യങ്ങളേക്കാൾ പുറകിലായിരുന്നു.

- ആയുധങ്ങൾക്കും സൈനീക ആവശ്യങ്ങൾക്കും കിഴക്കൻ യൂറോപ്പിലെ തങ്ങളുടെ ഉപഗ്രഹ രാജ്യങ്ങളുടെ വികസനത്തിനും ധാരാളം പണം ചെലവഴിക്കേണ്ടി വന്നു.

3. **ദേശീയതയുടെ വളർച്ച** – 15 റിപ്പബ്ലിക്കുകളടങ്ങുന്ന സോവിയറ്റ് യൂണിയനിലെ റഷ്യയുടെ മേധാവിത്വത്തെ മറ്റു റിപ്പബ്ലിക്കുകൾ എതിർത്തു. വംശീയ അസ്വസ്ഥതകളും അവർക്കിടയിൽ വളർന്നു വന്നു. റിപ്പബ്ലിക്കുകൾക്കിടയിൽ വളർന്നു വന്ന ദേശീയബോധവും പരമാധികാരബോധവും സോവിയറ്റ് പതനത്തിന് കാരണമായി.
4. **ഗോർബച്ചേവിന്റെ പരിഷ്ക്കാരങ്ങൾ** - ഗ്ലാസ്നോസ്റ്റ്, പെരിസ്ട്രോയിക്ക തുടങ്ങിയ പരിഷ്ക്കാരങ്ങളിലൂടെ സോവിയറ്റ് വ്യവസ്ഥയെ ഉടച്ച് വാർക്കാൻ ഗോർബച്ചേവ് ശ്രമിച്ചു. 3 ലക്ഷ്യങ്ങളാണ് ഇതിലൂടെ മുന്നോട്ട് വെച്ചത്..
   a. വിവര സാങ്കേതിക വിദ്യയിൽ സോവിയറ്റ് യൂണിയനെ പാശ്ചാത്യ രാജ്യങ്ങളോടൊപ്പം എത്തിക്കുക.
   b. പാശ്ചാത്യ രാജ്യങ്ങളുമായുള്ള ബന്ധം സാധാരണ നിലയിൽ ആക്കുക
   c. സോവിയറ്റ് യൂണിയനെ ജനാധിപത്യവൽക്കരിക്കുകയും നവീന വൽക്കരിക്കുകയും ചെയ്യുക

സോഷ്യലിസ്റ്റ് ചേരിയുടെ ഭാഗമായ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളെ സ്വതന്ത്രമായി പ്രവർത്തിക്കാൻ ഗോർബച്ചേവ് അനുവദിച്ചു. ജനാധിപത്യത്തിനായുള്ള ജനകീയ പ്രക്ഷോഭങ്ങൾക്കെതിരേ ഈ രാഷ്ട്രങ്ങളിൽ ഇടപെടുകയോ സൈന്യത്തെ അയക്കുകയോ ചെയ്തില്ല.

പരിഷ്ക്കാരങ്ങളെ തുടർന്ന് സോവിയറ്റ് റിപ്പബ്ലിക്കുകൾ സ്വാതന്ത്ര്യത്തിനും സ്വയം ഭരണത്തിനും വേണ്ടി തുറന്ന പോരാട്ടം ആരംഭിച്ചു. 1991 നവംബറോടെ USSR ലെ 13 റിപ്പബ്ലിക്കുകൾ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. 1991 ഡിസംബർ 25ന് ഗോർബച്ചേവ് പ്രസിഡന്റ് സ്ഥാനം രാജിവെച്ചതോടെ സോവിയറ്റ് യൂണിയൻ ഔപചാരികമായി ഇല്ലാതാവുകയും തൽസ്ഥാനത്ത് 15 സ്വതന്ത്ര രാഷ്ട്രങ്ങൾ നിലവിൽ വരികയും ചെയ്തു.

14. സോവിയറ്റ് യൂണിയന്റെ ശിഥിലീകരണത്തെ തുടർന്നുണ്ടായ പ്രത്യാഘാതങ്ങൾ

- ശീതസമരത്തിന്റെ അന്ത്യം,
- ശാക്തിക ബന്ധങ്ങളിലുണ്ടായ മാറ്റം,
- പുതിയ രാജ്യങ്ങളുടെ ആവിർഭാവം

(1) **ശീതസമരത്തിന്റെ അന്ത്യം**:- സോവിയറ്റ് യൂണിയന്റെ അന്ത്യത്തോടെ ലോകത്തെ സംഘർഷത്തിന്റെ മുൾമുനയിൽ നിർത്തിയ ശീതസമരം അപ്രത്യക്ഷമായി. 'ശീതസമരാനന്തര യുഗത്തിലേക്ക് ലോകം പ്രവേശിച്ചു. സോഷ്യലിസ്റ്റ് വ്യവസ്ഥ മുതലാളിത്തത്തെ തകർക്കുമോ ഇല്ലയോ എന്ന സൈദ്ധാന്തിക തർക്കം അപ്രസക്തമായി.

(2) **ശാക്തിക ബന്ധങ്ങളിലുണ്ടായ മാറ്റം**:- USSR ന്റെ തകർച്ചയോടെ ഇരുധ്രുവലോകം എന്ന സങ്കല്പം തകർന്നു. അതോടെ അമേരിക്ക ഏക മഹാശക്തിയായി തീരുകയും ലോകത്തെ കൈപ്പിടിയിലൊതുക്കാൻ ശ്രമിക്കുകയും ചെയ്തു.. അമേരിക്ക പിൻതുടർന്നിരുന്ന ലിബറൽ ജനാധിപത്യം എന്ന രാഷ്ട്രീയ സങ്കല്പം മികച്ചതായി കണക്കാക്കപ്പെട്ടു.

(3) **പുതിയ രാജ്യങ്ങളുടെ ആവിർഭാവം**:- USSR ന്റെയും സോഷ്യലിസ്റ്റ് ചേരിയുടേയും അന്ത്യത്തോടെ അനേകം പുതിയ രാഷ്ട്രങ്ങൾ ഉയർന്നുവന്നു. ബാർട്ടിക് കിഴക്കൻ യൂറോപ്യൻ രാജ്യങ്ങൾ യൂറോപ്യൻ യൂണിയനിൽ ചേരാനും നാറ്റോയുടെ ഭാഗമാകാനും ആഗ്രഹിച്ചു. മദ്ധ്യേഷ്യൻ രാജ്യങ്ങൾ റഷ്യയുമായി അടുപ്പം തുടരാൻ ആഗ്രഹിച്ചു. പാശ്ചാത്യ രാജ്യങ്ങൾ US, ചൈന തുടങ്ങിയവയുമായി അടുത്ത ബന്ധം സ്ഥാപിക്കാൻ ആഗ്രഹിച്ചു.

12. **ഷോക്ക് ചികിത്സ അഥവാ ഷോക്ക് തെറാപ്പി**

സോവിയറ്റ് യൂണിയന്റെ തകർച്ചക്ക് ശേഷം ലോകബാങ്കിന്റെയും IMF ന്റെയും നേതൃത്വത്തിൽ റഷ്യ. മധ്യേഷ്യ, കിഴക്കൻ യൂറോപ്പ് എന്നിവിടങ്ങളിൽ ഉണ്ടായ പരിവർത്തന മാതൃക ഷോക്ക് ചികിത്സ എന്നറിയപ്പെടുന്നു. ഇത് വഴി മൂന്ന് മാറ്റങ്ങൾക്കാണ് പ്രാധാന്യം നൽകിയത്.

- സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥയെ വേരോടെ പിഴുതെറിയുകയും സ്വകാര്യ ഉടമസ്ഥാവകാശം സ്ഥാപിക്കുകയും ചെയ്യുക
- സോവിയറ്റ് ചേരിയിലെ രാജ്യങ്ങളെ പാശ്ചാത്യ സമ്പദ് വ്യവസ്ഥയിലേക്ക് ആഗിരണം ചെയ്യുക.
- സ്വതന്ത്ര വ്യാപാരത്തെയും വിദേശ നിക്ഷേപത്തേയും പ്രോത്സാഹിപ്പിക്കുക.

**ഷോക്ക് തെറാപ്പിയുടെ പ്രത്യാഘാതങ്ങൾ**

- പൊതുമേഖലാസ്ഥാപനങ്ങളുടെ തകർച്ച - റഷ്യയിലെ രാഷ്ട്ര നിയന്ത്രിതമായ വൻവ്യവസായങ്ങൾ തകർന്നു.

- പണപ്പെരുപ്പം. റഷ്യൻ കറൻസിയായ റൂബിളിന്റെ മൂല്യം ഇടിഞ്ഞു
- കൂട്ടു കൃഷി സമ്പ്രദായം തകർന്നു - സ്വകാര്യ കൃഷി സമ്പ്രദായം നടപ്പിലാക്കി - ഭക്ഷ്യ സുരക്ഷ ഇല്ലാതെയായി

- സാമൂഹ്യക്ഷേമ വ്യവസ്ഥ തകർന്നു- സേവന മേഖല ഗവണ്മെന്റ് കൈവെടിഞ്ഞു. അസമത്വം വളർന്നു വന്നു.
- സ്വേച്ഛാധിപത്യ ഏകധിപത്യ ഭരണ കൂടങ്ങൾ ഉയർന്നു വന്നു

➢ **ഒന്നാം ലോകം** - രണ്ടാം ലോകമഹായുദ്ധാനന്തരം അമേരിക്കൻ നേതൃത്വത്തിന് കീഴിലു ള്ള പടിഞ്ഞാറൻ ചേരിയിൽ അഥവാ മുതലാളിത്ത ചേരിയിൽ അംഗമായ ജനാധിപത്യ മുതലാളിത്ത രാഷ്ടങ്ങളെയാണ് ഒന്നാം ലോകം എന്നറിയപ്പെടുന്നത് ഇവരുടെ പ്രധാന ലക്ഷ്യം കമ്മ്യൂണിസത്തിന്റെ വ്യാപനത്തെ തടയുക, എന്നതായിരുന്നു. . .

➢ **രണ്ടാം ലോകം** - സോവിയറ്റ് യൂണിയനും കിഴക്കൻ യൂറോപ്യൻ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളും (ഉപഗ്രഹ രാജ്യങ്ങൾ) അടങ്ങുന്നതാണ് രണ്ടാം ലോകം. ഇതിനെ സോഷ്യലിസ്റ്റ് ചേരി എന്നും പൗരസ്ത്യ ചേരി എന്നും അറിയപ്പെട്ടിരുന്നു.

➢ **മൂന്നാം ലോകം** - സോഷ്യലിസ്റ്റ് ചേരിയിലോ മുതലാളിത്ത ചേരിയിലോ അംഗമാകാതെ പുതുതായി സ്വാതന്ത്ര്യം നേടിയ അവികസിത രാജ്യങ്ങൾ.

| **ഒന്നാം ലോകം** | **രണ്ടാം ലോകം** | **മൂന്നാം ലോകം** |
|---|---|---|
| അമേരിക്ക | USSR | ഇന്ത്യ |
| ബ്രിട്ടൺ | പോളണ്ട് | പാക്കിസ്ഥാൻ |
| ഫ്രാൻസ് | അൽബേനിയ | ശ്രീലങ്ക |